# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5253 — 05.07.2012 ൽ മറുപടിയ്ക്ക്

## കാപ്പി പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് ലഭിക്കാനുള്ള തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാപ്പി പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് ബജറ്റിൽ പ്രഖ്യാപിച്ച 10 കോടി രൂപ വയനാട് ജില്ലാ സഹകരണ ബാങ്കിന് നൽകിയത് എന്നാണ്; | (എ) വയനാട് ജില്ലാ സഹകരണ ബാങ്കിന് 10 കോടി രൂപ 26.03.2012 ൽ നൽകി. |
| (ബി) ഈ സംഖ്യ ഏതെല്ലാം പ്രാഥമിക സഹകരണ ബാങ്കുകൾക്ക് എത്ര രൂപവച്ച് ഇതുവരെ നൽകിയെന്നും, എന്നാണ് നൽകിയത് എന്നും വിശദമാക്കാമോ; | (ബി) ജോയിന്റ് രജിസ്ട്രാറുടെ 07.06.2012 ലെ ഉത്തരവ് പ്രകാരം 2,95,10,095 രൂപ 28 സംഘങ്ങൾക്കും 27.06.2012 ന് വയനാട് ജില്ലാ സഹകരണ ബാങ്കിന് 13,32,428/- രൂപയും ചേർത്ത് ആകെ 3,08,42,523/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) ഇനി ഏതെല്ലാം ബാങ്കുകൾക്കാണ് തുക നൽകാനുള്ളത്; | (സി) വൈത്തിരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും, വയനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും നൽകാനുണ്ട്. |
| (ഡി) പ്രാഥമിക ബാങ്കുകൾ 2 വർഷം മുമ്പ് വായ്പക്കാരുടെ അക്കൗണ്ടുകളിൽ വരവുവച്ച ഈ തുകക്ക് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും ജില്ലാ ബാങ്കും ഉൾപ്പെടെ അപ്പക്സ് ബാങ്കുകൾ പലിശ ഈടാക്കുന്നതു മൂലവും മറ്റും പ്രാഥമിക ബാങ്കുകൾക്കു ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) ഈ വിഷയം പരിശോധിക്കുന്നതാണ് |

| | | | |
|---|---|---|---|
| (ഇ) | ജില്ലാ ബാങ്കിന്റെ അക്കൗണ്ടിൽ പണം വന്നിട്ട് മാസങ്ങൾ പിന്നിട്ടിട്ടും പ്രൈമറി ബാങ്കിനു പണം കൈമാറാൻ വൈകിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | അർഹത ഉറപ്പുവരുത്തി പ്രൈമറി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലെയിം അർഹത പരിശോധിച്ച് 31.03.2012 നകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇൻസ്പെക്ടർമാരെയും ഓഡിറ്റർമാരെയും നിയോഗിച്ചു കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് നൽകിയിരുന്നു. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ